**LIDA JACOB I.A.S.(Retd.)**
Commission for Right to Education Act,
Housing Board Building, First Floor
Thiruvananthapuram -695 001

Tel No : 0471-2325272
Fax No: 0471-2329272
e-mail : rtekerala@gmail.com

17.12.2010

## കേരള വിദ്യാഭ്യാസ അവകാശ നിയമം 2010

## കുറിപ്പ്

2010 ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തിൽ വന്ന കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടു സമർപ്പിക്കാൻ നിയോഗിച്ച ലിഡാ ജേക്കബ് കമ്മീഷൻ തയ്യാറാക്കിയ നിയമ റിപ്പോർട്ട് ബഹു: വിദ്യാഭ്യാസ സാംസ്കാരിക വകുപ്പ് മന്ത്രി സമക്ഷം 17–12–2010 വെള്ളിയാഴ്ച 1 മണിക്ക് സമർപ്പിക്കുന്നു.

കേന്ദ്ര വിദ്യാഭ്യാസനിയമം, കേരള വിദ്യാഭ്യാസ ചട്ടവും നിയമങ്ങളും, സി.പി. നായർ KEAR Revision കമ്മറ്റി റിപ്പോർട്ട്, വിദ്യാഭ്യാസ അവകാശ നിയമം സംബന്ധിച്ച് ഗവ: സബ് കമ്മറ്റി റിപ്പോർട്ട്, ആന്ധ്രാപ്രദേശ്, ഒറീസാ, മഹാരാഷ്ട്ര, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ പ്രസിദ്ധീകരിച്ച നിയമങ്ങൾ എന്നിവയും കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ അദ്ധ്യാപക സംഘടനകൾ, സ്കൂൾ മാനേജർമാരുടെ സംഘടന പ്രതിനിധികൾ, രക്ഷകർത്താക്കളും, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും കണക്കിലെടുത്ത് തയ്യാറാക്കിയിട്ടുള്ളതാണ് കേരള വിദ്യാഭ്യാസ അവകാശനിയമം.

4–11–2010 ൽ കമ്മീഷൻ തയ്യാറാക്കിയ കരട് നിയമത്തിലെ ചില വകുപ്പുകളിൽ ഭേദഗതി വരുത്തിയിട്ടുള്ളവയാണ് താഴെ സൂചിപ്പിച്ചിരിക്കുന്നത്.

### 1. എസ്. എം. സി.

എയ്ഡഡ് വിദ്യാലയങ്ങളിലെ എസ്. എം. സി. യിൽ അദ്ധ്യക്ഷൻ സ്കൂൾ മാനേജരായിരിക്കും.

- 750 കുട്ടികളിൽ താഴെയുള്ള ഗവ: എയ്ഡഡ് സ്കൂളുകളിലെ എസ്. എം. സി. യിൽ പരമാവധി 17 അംഗങ്ങൾ.

- 750 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ പരമാവധി 20 അംഗങ്ങൾ. ആവശ്യമെങ്കിൽ വോട്ടവകാശമില്ലാത്ത ചുവടെ കൊടുത്തിരിക്കുന്ന വിഭാഗത്തിൽ നിന്നും മൂന്ന് വിദഗ്ധരെ ക്ഷണിക്കാവുന്നതാണ്.

(i) ന്യൂട്രീഷ്യൻ

(ii) ശിശുമനശാസ്ത്രജ്ഞൻ

(iii) നിർമ്മാണ പ്രവർത്തനങ്ങളിലെ സാങ്കേതിക വിദഗ്ധൻ

എസ്.എം.സി. തയ്യാറാക്കുന്ന സ്കൂൾ വികസന പ്ലാൻ നടപ്പിലാക്കാനുള്ള ഫണ്ടുകൾ ഗ്രാന്റായി സംസ്ഥാന സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ നൽകേണ്ടതാണ്. (ആക്ടിലെ സെക്ഷൻ 2 പ്രകാരം)

## 2. അയൽപക്ക വിദ്യാലയം

പുതിയ അയൽപക്ക വിദ്യാലയം ആരംഭിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ചുമതലയായിരിക്കും – സെക്ഷൻ 6 ഉം റൂൾ 6 (1)

## 3. പ്രീ–പ്രൈമറി വിദ്യാലയം

എല്ലാ സ്കൂളുകളിലും ഒന്നാം ക്ലാസ്സിലെ പ്രവേശനം 6+ വയസ്സിലായിരിക്കും. എല്ലാ ഗവൺമെന്റ്, എയ്ഡഡ് വിദ്യാലയങ്ങളിലും പ്രീ–പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കണം. എന്നാൽ അടുത്തവർഷം ഒന്നാം ക്ലാസ്സിൽ കുട്ടികളുടെ എണ്ണം കുറയാതിരിക്കുന്നതിനു വേണ്ടി 5 വയസ്സു മുതൽ 6 വയസ്സുവരെയുള്ള കുട്ടികളെ ഉൾപ്പെടുത്തി സീനിയർ പ്രീ–പ്രൈമറി തുടങ്ങേണ്ടതും ശിശുസൗഹൃദ പാഠപുസ്തകം തയ്യാറാക്കേണ്ടതും നിലവിലുള്ള അദ്ധ്യാപകരുടെ സാധ്യത കൂടി ആരംഭഘട്ടത്തിൽ പ്രയോജനപ്പെടുത്തേണ്ടതാണ്. തുടർന്നുള്ള വർഷത്തിൽ ഈ കുട്ടികളായിരിക്കും ഒന്നാം ക്ലാസ്സിൽ പഠിക്കുക.

- മികവുറ്റ രീതിയിൽ പ്രവർത്തിക്കുന്ന അംഗൻവാടികളേയും പ്രീ–പ്രൈമറി സ്കൂളുകളേയും സംയോജിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇവിടെ പഠിക്കുന്ന കുട്ടികൾക്ക് ICDS ന്റെ ആനുകൂല്യവും ലഭ്യമാക്കണം.
- ഒരു വർഷത്തെ PPTTI യും രണ്ടു വർഷത്തെ PPTTI യും യോഗ്യതയുള്ള അദ്ധ്യാപകർക്കും വിദഗ്ധ പരിശീലനം നേടിയിട്ടുള്ള അംഗൻവാടി ജീവനക്കാർക്കും ഈ സ്ഥാപനങ്ങളിൽ മുൻഗണനാക്രമത്തിൽ ഭേദപ്പെട്ട സേവന–വേതന വ്യവസ്ഥകളിലൂടെ നിയമനം നൽകണം.

## 4. റൂൾ (8)

കേന്ദ്രനിയമത്തിൽ അനുശാസിക്കുന്ന പ്രകാരം ദേശീയ പാഠ്യപദ്ധതിക്ക് അനുസൃതമായി സംസ്ഥാന പാഠ്യപദ്ധതി (curriculum) തയ്യാറാക്കുകയും കഴിയുന്നിടത്തോളം NCERT പ്രകാരമുള്ള പാഠപുസ്തങ്ങൾ ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്.

## 5. സവിശേഷ കഴിവുകളുള്ള കുട്ടികളുടെ വിദ്യാഭ്യാസം

സവിശേഷ കഴിവുകളുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകണം.

- ആവശ്യമായ സ്പെഷ്യൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യും.
- ആവശ്യമായ സ്ഥലങ്ങളിൽ വൈകല്യമുള്ള കുട്ടികൾക്ക് താമസസൗകര്യം ഏർപ്പെടുത്തണം.
- തൊഴിലധിഷ്ഠിത പഠനത്തിന് ആവശ്യമായ ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ നൽകണം.
- സ്കൂൾ തലത്തിൽ ആരോഗ്യ പരിരക്ഷയും നൽകണം.
- വിവിധതരം വൈകല്യമുള്ള കുട്ടികൾക്ക് വൈവിധ്യമാർന്ന പാഠ്യപദ്ധതിയും സിലബസും ഏർപ്പെടുത്തണം.

## 6. കൗൺസിലിംഗ്

ആരോഗ്യ–സാമൂഹ്യക്ഷേമ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് വൈകാരികവും മനശാസ്ത്രപരവുമായ കൗൺസിലിംഗ്, ഈ മേഖലയിൽ വൈദഗ്ധ്യം നേടിയവരുടെ സഹായത്താൽ നടത്തേണ്ടതാണ്.

## 7. സ്കൂൾ പ്രവർത്തി ദിവസം

കേന്ദ്ര നിയമം നിഷ്കർഷിക്കുന്ന പ്രകാരം 1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് 200 സാദ്ധ്യായ ദിവസങ്ങളും 6 മുതൽ 8 വരെ ക്ലാസ്സുകൾക്ക് 220 സാദ്ധ്യായ ദിവസങ്ങളുമാണ്. ഈ നിയമം നടപ്പിലാക്കുന്നതിനു വേണ്ടി മദ്ധ്യവേനലവധി മറ്റു സംസ്ഥാനങ്ങളിലെപ്പോലെ 45 ദിവസമായി നിജപ്പെടുത്തേണ്ടതാണ്. കൂടാതെ ചില ശനിയാഴ്ച ദിവസങ്ങളും പ്രവൃത്തി ദിവസമാക്കി മാറ്റേണ്ടിവരും.

## 8. മാതൃഭാഷാപഠനം

അദ്ധ്യയന മാധ്യമം മലയാളം/മാതൃഭാഷയിലായിരിക്കണം. എന്നാൽ ഒന്നാം ക്ലാസ്സു മുതൽ കഥ, പാട്ട് എന്നിവയിലൂടെ ഇംഗ്ലീഷ് ഭാഷ കുട്ടികളെ പരിചയപ്പെടുത്തേണ്ടതാണ്. മറ്റു സംസ്ഥാനങ്ങളിൽ ഇപ്രകാരം നടക്കുന്നുണ്ട്. കൂടാതെ 1–ാം

ക്ലാസ്സു മുതൽ 4–ാം ക്ലാസ്സുവരെ നിലവിലുള്ള ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിൽ NCERT അംഗീകരിച്ച പാഠപുസ്തകങ്ങൾ ഉപയോഗിക്കേണ്ടതുമാണ്.

## 9. സ്കൂൾ സമയം

- സ്കൂൾ പ്രവൃത്തി സമയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പാഠ്യേതര വിഷയങ്ങൾക്ക് കൂടുതൽ സമയം ലഭ്യമാക്കേണ്ടതാണ്.
- ഗതാഗത ബുദ്ധിമുട്ട് അനുഭവിക്കുന്ന പ്രദേശങ്ങളിൽ സമയമാറ്റം മൂലം ഒരു പരിധിവരെ പരിഹാരമുണ്ടാക്കാവുന്നതാണ്.

## 10. എ.ഇ.ഒ. ഓഫീസ്

കേന്ദ്ര വിദ്യാഭ്യാസനിയമം നടപ്പിലാക്കുമ്പോൾ എ.ഇ.ഒ.യ്ക്ക് ഭാരിച്ച ചുമതലകൾ ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പ്രസ്തുത ഓഫിസിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 11. ജനനസർട്ടിഫിക്കറ്റ്

എല്ലാ കുട്ടികൾക്കും ജനനസർട്ടിപ്പിക്കറ്റ് സൽകുവാനുള്ള ഉത്തരവാദിത്വം അതാതു പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആയിരിക്കും.

## 12. സ്കൂൾ അംഗീകാരം (റൂൾ–15)

1–4–2000 നു മുമ്പെ സ്ഥാപിച്ചതും 1–4–2000 മുതൽ തുടർച്ചയായി കുട്ടികളെ 10–ാം ക്ലാസ്സിലെ ബോർഡ് എക്സാമിനേഷന് ഇരുത്തിയിട്ടുള്ളതും നിലവിൽ അംഗീകാരം ഉള്ള അൺ എയ്ഡഡ് സ്കൂളുകൾക്ക് സ്ഥലപരിശോധന കൂടാതെ അംഗീകാരം നൽകാവുന്നതാണ്. എന്നാൽ നിയമത്തിലും ഷെഡ്യൂളിലുമുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരു സ്കൂളിന്റേയും അംഗീകാരം ഏതു സമയത്തും റദ്ദാക്കാവുന്നതാണ്. അംഗീകാരം ആവശ്യപ്പെടുന്ന എല്ലാ സ്കൂളിലേയും പൂർണ്ണവിവരങ്ങൾ ഫോം നമ്പർ–1, ഫോം നമ്പർ–3 എന്നിവയിൽ നൽകേണ്ടതാണ്. ഇവയുടെ മാതൃക വിദ്യാഭ്യാസ വകുപ്പിന്റെ/AEO യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## 13. അദ്ധ്യാപകരുടെ യോഗ്യത

എൻ.സി.ടി.ഇ. (NCTE) യുടെ മാർഗ്ഗ നിർദ്ധേശങ്ങൾക്ക് അനുസരിച്ചായിരിക്കും ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (TET) നടത്തേണ്ടത്. ഭാഷാ അദ്ധ്യാപകരുടെയും, കല, കായികം, പ്രവൃത്തി പരിചയം എന്നീ വിഭാഗങ്ങളിലുള്ള അദ്ധ്യാപകരുടേയും മിനിമം യോഗ്യത ഡി.പി.ഐ. നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് അനുസരിച്ച് തുടരുന്നതായിരിക്കും.

## കേന്ദ്ര വിദ്യാഭ്യാസനിയമ പ്രകാരം നിരോധിച്ചിരിക്കുന്ന വ്യവസ്ഥകൾ

- രക്ഷകർത്താക്കളിൽ നിന്നും സംഭാവന, ക്യാപിറ്റേഷൻ ഫീ എന്നിവ സ്വീകരിക്കാൻ പാടില്ല.
- രക്ഷകർത്താക്കളെ/കുട്ടികളെ സ്ക്രീനിംഗ് ടെസ്റ്റിന് വിധേയരാക്കാൻ പാടില്ല.
- സ്കൂളിൽ നിന്നും കുട്ടികളെ തോല്പിക്കുക, ശാരീരികമായി ശിക്ഷിക്കുക, മാനസികമായി പീഡിപ്പിക്കുക എന്നിവ പാടില്ല.
- മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന വ്യക്തികൾ ശിക്ഷാ നടപടികൾക്ക് വിധേയരാവുന്നതാണ്.

*****

**N.B:**

കേന്ദ്ര വിദ്യാഭ്യാസനിയമത്തിന്റെ പൂർണ്ണരൂപം www.education.kerala.gov.in ൽ ലഭ്യമാകുന്നതാണ്.

കമ്മിഷന്റെ E-mail: rtekerala@gmail.com